# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4680** — **29-06-2012 ൽ മറുപടിയ്ക്ക്**

## കരിനിലവികസന ഏജൻസികളുടെ പ്രവർത്തനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പുറക്കാട്, തകഴി കരിനിലമേഖലകളിൽ എന്തെല്ലാം വികസന-ഉൽപ്പാദന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്ന് അറിയിക്കുമോ; | (എ) അമ്പലപ്പുഴ, തകഴി, പുറക്കാട്, കരുവാറ്റ എന്നീ പഞ്ചായത്തുകളിലെ 43 പാടശേഖരങ്ങളിലായി 2442 ഹെക്ടർ പ്രദേശത്ത് വിരിപ്പുവിള നെൽകൃഷി നടന്നുവരുന്നു. ടി കൃഷിക്കായി സൗജന്യ നിരക്കിൽ കുമ്മായവും മറ്റ് ഉല്പാദന ഉപാധികളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. കരിനിലങ്ങളുടെ പുറംബണ്ട് സംരക്ഷണം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എൽ.ഡി.സി, നബാർഡ് പദ്ധതി പ്രകാരവും പുറംബണ്ട് സംരക്ഷണം നടത്തിവരുന്നു. കുട്ടനാട് പാക്കേജിൻ കീഴിൽ അസിസ്റ്റന്റ് ഡയറക്ടർ അമ്പലപ്പുഴയിൽ (പുറക്കാട് കരിനിലം) കാർഷിക മേഖലയിലെ സംശയനിവാരണത്തിനും ബോധവൽക്കരണത്തിനുമായി ഒരു അഗ്രോ ക്ലീനിക്ക് സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കരിനില കൃഷിക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; കരിനില കൃഷി അഭിവൃദ്ധിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കരിനിലങ്ങളിലെ രൂക്ഷമായ പുളിരസം നിയന്ത്രിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സബ്സിഡി നിരക്കിൽ കുമ്മായ വസ്തുക്കൾ വിതരണം നടത്തുന്നു. ഉല്പാദനക്ഷമതയുള്ള നല്ലയിനം നെൽവിത്തും രാസവളം, കീടനാശിനി എന്നിവയും സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. ഇവയ്ക്കുപുറമേ ഓരോ വിളയ്ക്കും പമ്പിംഗ് സബ്സിഡിയും ഉല്പാദന ബോണസും നൽകുന്നുണ്ട്. |
| (സി) | കരിനില വികസന ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കരിനില വികസന ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. കരിനില കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും തദ്വാര കരിനില വികസന ഏജൻസിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും 2012 -13 സാമ്പത്തിക വർഷത്തിൽ 225.885 ലക്ഷം രൂപയുടെ ഒരു പദ്ധതി രൂപീകരിച്ച് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള കരിനില വികസന ഏജൻസിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ